ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെകാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക്ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-6512/2013/സിഇ/തസ്വഭവ

തീയതി : 01.04.2016

# സർക്കുലർ

വിഷയം:- തസ്വഭവ - ഡി.എസ്.ആർ 2014 - ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന: 1) 29.03.2016-ലെ ഈ ഓഫീസിലെ ഡിബി6/4308/2015/സിഇ/തസ്വഭവ നമ്പർ സർക്കുലർ
2) 22.03.2016-ലെ ഈ ഓഫീസിലെ ഡിബി3/6512/2013/സിഇ/തസ്വഭവ(2) നമ്പർ സർക്കുലർ

ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് നൽകേണ്ടതില്ല എന്ന സർക്കാർ ഉത്തരവിനെ ആസ്പദമാക്കി തദ്ദേശ സ്വയംഭരണ വകുപ്പിലും റോഡ് പ്രവൃത്തികൾക്ക് ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് നൽകേണ്ടതില്ല എന്ന് സൂചന (1) സർക്കുലർ മുഖാന്തിരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു. 01.04.2016 മുതൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ എസ്റ്റിമേറ്റുകൾ “PRICE” സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയി തയ്യാറാക്കേണ്ടതും സമർപ്പിക്കേണ്ടതുമാണെന്ന് സൂചന (2) സർക്കുലർ മുഖാന്തിരം നിർദ്ദേശിച്ചിരുന്നു. നിലവിൽ “PRICE” സോഫ്റ്റ് വെയർ-ൽ ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ സാധിക്കുക. “PRICE” സോഫ്റ്റ് വെയർ-ൽ ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആയതിനാൽ “PRICE” സോഫ്റ്റ് വെയർ-ൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബിറ്റുമിൻ ഉൾപ്പെടുന്ന സ്പെസിഫിക്കേഷനുകൾ ഉപയോഗിക്കുകയാണെങ്കിൽ ടി ഐറ്റങ്ങൾ ഒബ്സർവ്ഡ് ഡാറ്റാ ആയി നിരക്ക് തയ്യാറാക്കേണ്ടതാണ്. ടി ഒബ്സർവ്ഡ് ഡാറ്റായിൽ ബിറ്റുമിന്റെ നിരക്ക് “PRICE” സോഫ്റ്റ് വെയർ-ൽ മാർക്കറ്റ് റേറ്റ് ആയി രേഖപ്പെടുത്തേണ്ടതും ഡി.എസ്.ആർ നിരക്ക് മാർക്കറ്റ് റേറ്റ് ആയി നൽകേണ്ടതുമാണ്.

ചീഫ് എൻജിനീയർ

P 648